RESOLUTION No. 24
Abolition of nomination to Legislative and Municipal Councils

Mr. C. V. Iyyu *(Kunnamkulam)*: Sir, I move that "*This Council recommends to Government to stop nominations to the Legislative Council and Municipalities and introduce reservation of seats for minorities and backward and depressed classes*".

ഇതു് ബ്രിട്ടീഷിൻഡ്യയിൽ ഫ ഠ കൊല്ലത്തിനു മുമ്പു വന്നിട്ടുള്ള ഭരണപരിഷ്കാരമാണു്. അവിടത്തെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഡിസ്ട്രിക്ടു് ബോർഡുകളിലുമൊക്കെ റിസർവേഷൻ വന്നിട്ടു് ഫ ഠ കൊല്ലത്തോളമായിട്ടുണ്ടു്. പുതിയ ഭരണപരിഷ്കാരമനുസരിച്ചുള്ള മറ്റു ഗവൺമെണ്ടുകളും നിയമസഭയിലും നോമിനേഷൻ നിറുത്തിയിട്ടുണ്ടു്. ഞാനും ഇവിടെയുള്ള മറ്റു സാമാജികന്മാരും നമ്മുടെ രാജ്യം വിദ്യാഭ്യാസംകൊണ്ടും മറ്റും മുന്നണിയിൽ നില്ക്കുന്നതാണെന്നു പലപ്പോഴും പറഞ്ഞുകഴിഞ്ഞിട്ടുള്ളതുകൊണ്ടു് ഞാൻ ഈ അവസരത്തിലും അതു ആവർത്തിച്ചുപറയണമെന്നു വിചാരിക്കുന്നില്ല. ഇവിടെ മുനിസിപ്പാലിറ്റിയിലും മറ്റും നോമിനേഷൻ നിറുത്തുന്നതുകൊണ്ടു് പ്രത്യേകം ചില ആളുകൾക്കു് മുനിസിപ്പാലിറ്റി ചെയർമാന്മാരാകുവാൻ സൌകര്യമുണ്ടാകയില്ലെന്നുള്ളതല്ലാതെ പൊതുജനപ്രാതിനിധ്യം അർഹിക്കുന്നവിധത്തിൽ അതിനെ നടത്തുവാൻ സാധിക്കുന്നില്ലെന്നാണു് ഞാൻ പറയുന്നതു്. ഏതെല്ലാം സമുദായങ്ങളിൽനിന്നു് ആക്കൂട്ടരെല്ലാം വേണമെങ്കിലും റിസർവേഷൻ കൊടുക്കുവാൻ എനിക്കു പ്രതിബന്ധമില്ല. അങ്ങിനെ ഏതെങ്കിലും ചില സമുദായങ്ങൾക്കു പ്രത്യേകം ചില ആനുകൂല്യങ്ങൾ കൊടുക്കണമെങ്കിൽ അതു ചെയ്യുന്നതിലും എനിക്കു വിരോധമില്ല. ഗവർമെണ്ടു് നോമിനേറ്റു ചെയ്യുന്ന ആളുകളെ ആ പ്രത്യേക സമുദായത്തിലുള്ള ആളുകൾക്കു വിശ്വാസമില്ലാതാകുന്നുവെന്നുള്ളതുകൊണ്ടാണു് ഈ വക സ്ഥാപനങ്ങളിൽ റിസർവേഷൻ വേണമെന്നു ഞാനാവശ്യപ്പെടുന്നതു്. ഇതിൽ കൂടുതലായി ഈ വിഷയത്തെ സംബന്ധിച്ചു് എനിക്കൊന്നും പറയുവാനില്ല. സഭയുടെ സ്വീകരണത്തിനായി ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നു.

Mr. P. Kumaran Ezhuthasaen *(Vadakkancheri)*: I second it.

മിസ്റ്റർ പി. കെ. കുഞ്ഞൻ: ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നതു് റിസർവേഷൻ സമ്പ്രദായത്തിൽ അധഃകൃതരേയും ഉൾപ്പെടുത്തിയതുകൊണ്ടാണു്. അധഃകൃതർ വോട്ടു ചെയ്യുന്നതിനു് അർഹരാകണമെങ്കിൽ ഒൻകിൽ അവർ കരം കൊടുക്കുന്നവരായിരിക്കണം, അല്ലെങ്കിൽ സ്റ്റഡിഫൈനൽ പരീക്ഷ പാസായവരായിരിക്കണം. ഈ രണ്ടു തരത്തിലുള്ള യോഗ്യതകളും അധഃകൃതർക്കു് എത്രത്തോളമുണ്ടെന്നുള്ളതു് ഈ നിയമസഭക്കു നല്ലവണ്ണമറിയാം. അതുകൊണ്ടാണു് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നതു്.

Mr. A. Madhava Prahhu *(Diwan Peishkar)*: Sir, I oppose the resolution. The resolution as it stands will result, if accepted, in removing the category of nominated members from both the Legislative Council and the Municipalities and introducing in its stead elected members from among those communities. Now in the matter of election of members from separate communities there are two kinds of procedure followed. One is asking the members of the communities themselves to elect their own representatives. The other is asking the general constituencies, the general public, to elect. In both these cases there is more than one disadvantage which the Government or the Legislature when it included this aspect of nomination in the Statute very seriously took into consideration and those disadvantages are that if the matter is left in the hands of the electorate, either the smaller or the bigger one, the result will be that not the person who is fit in the community will be selected but the person who would be the partisan of that particular party which wishes to be in power will be selected. He may not represent the interests of the community to the extent to which the Legislature intends that he should represent, in the matter of nomination the foremost consideration for the Government is whether he is the fittest person to represent the interests of his community which is a minority community which, left to itself, will not be in a position to send a proper representative to the Council. This is the most important issue which weighs with the Government in opposing this resolution. Certain seats have been intended to be given for the benefit of those communities because the Government think that their interests have to be properly safeguarded in the Representative Assemblies. Government think that this is the best method. There is thus the difficulty which I have put forward in the matter of elections which it is not possible to overcome. For these reasons I oppose the motion.

മിസ്റ്റർ സി. വി. ഇയ്യു: ബഹുമാനപ്പെട്ട റവന്യു മെമ്പർ പറഞ്ഞ കാരണങ്ങൾ നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ബാധിക്കുന്നതല്ലെന്നുള്ളതിനു് ഒരു തെളിവു് മട്ടാഞ്ചേ

LIBRARY ARCHIVES Kerala Legislative Assembly

രി നിയോജകമണ്ഡലത്തിലുള്ള ജനങ്ങൾ തിരഞ്ഞെടുത്തതു് ഒരു ന്യൂനപക്ഷ സമുദായത്തിൽപെട്ട ആളെയാണെന്നുള്ളതാണു്. ഇപ്പോഴത്തെ ബഹുമാനപ്പെട്ട ജൂതമെമ്പറുടെ അച്ഛൻ പരേതനായ കോഡർ മട്ടാഞ്ചേരി നിയോജകമണ്ഡലത്തിൽ വലിയ ഭൂരിപക്ഷത്തോടുകൂടി തിരഞ്ഞെടുക്കപ്പെട്ടു് ഈ സഭയിൽ പ്രതിനിധീകരിച്ചിട്ടുണ്ടു്. ഇങ്ങിനെ ചെറിയ സമുദായത്തിൽപെട്ട ആളുകളെ കൂടുതൽ സമുദായത്തിലുള്ള ആളാണെന്നുള്ള കാരണംകൊണ്ടു് നമ്മുടെ രാജ്യത്തു തിരഞ്ഞെടുക്കാതിരുന്നിട്ടില്ല. ഇന്നത്തെ പ നമ്പൂതിരി മെമ്പർമാർതന്നെ പൊതു നിയോജകമണ്ഡലങ്ങളിൽനിന്നും തിരഞ്ഞെടുത്തു വന്നിട്ടുള്ളവരാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവരുടെ സാമ്പത്തിക നിലയെപ്പറ്റി മനസ്സിലാക്കാത്തതുകൊണ്ടാണു് ഇങ്ങിനെ പറയുന്നതു്.

മിസ്റ്റർ സി. വി. ഇയ്യു.: സാമുദായിക മനഃസ്ഥിതി കൊച്ചിരാജ്യത്തു തീരെ ഇല്ലെന്നു ഞാൻ പറയുന്നില്ല. വല്ല സമുദായങ്ങൾക്കും തങ്ങളുടെ സമുദായത്തെ സംബന്ധിച്ചിടത്തോളം പ്രത്യേക പരിരക്ഷ വേണമെന്നാവശ്യപ്പെടുന്നുണ്ടെങ്കിൽ അതു കൊടുക്കുവാൻ വിരോധമില്ല. മിസ്റ്റർ കൃഷ്ണന്റെ എതിർപ്പു് ഉണ്ടായതുതന്നെ അധഃകൃതക്കു് വോട്ടവകാശം കിട്ടുകയില്ലെന്നുള്ള കാരണംകൊണ്ടാണു്. അധഃകൃതരെ സംബന്ധിച്ചിടത്തോളം പ്രായപൂർത്തി വോട്ടവകാശം അനുവദിച്ചുകൊടുത്തു് അവരുടെ സമുദായത്തിൽ ഇത്ര ശതമാനം വോട്ടു കൊടുക്കണമെന്നു നിർണ്ണയിക്കുന്നതിനു് യാതൊരു തടസ്ഥവുമില്ലാത്തതാണു്. ഏതെങ്കിലും ഒരു സമുദായത്തിനു്—അതിലെ അംഗത്തിനോ അംഗങ്ങൾക്കോ—ഭയമുണ്ടെങ്കിൽ അതു പരിഹരിക്കുവാനുള്ള പരിരക്ഷകൾ ചെയ്തുകൊടുക്കണം. അതുപോലെ ഏതെങ്കിലും സമുദായം റിസർവേഷനാണു് ആവശ്യപ്പെടുന്നതെങ്കിൽ അതും ചെയ്തുകൊടുക്കേണ്ടതാണു്. അതാണു് ഈ റസല്യൂഷനിൽ ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതു്. പരിരക്ഷകൾ വേണമെന്നാഗ്രഹിക്കുന്നവർക്കു് വേണ്ട പരിരക്ഷ ചെയ്യുവാൻ ഗവർമ്മെണ്ടു് തയ്യാറുണ്ടെങ്കിൽ അതിനെ അനുകൂലിക്കുവാൻ ഞാൻ തയ്യാറാണു്. ഈഴവ സമുദായത്തിനു പരിരക്ഷ ചെയ്യുവാൻ ഗവർമ്മെണ്ടിനു തയ്യാറുണ്ടെങ്കിൽ അതിനെ അനുകൂലിക്കുവാനും, അതിനുവേണ്ടി ഗവർമ്മെണ്ടിനെ നിർബന്ധിക്കുവാൻകൂടിയും ഞാൻ തയ്യാറാണു്. അതുകൊണ്ടു് നോമിനേറ്റ ചെയ്യുന്ന പഴഞ്ചൻ സമ്പ്രദായം മുനിസിപ്പാലിറ്റികളിലും നിയമസഭയിലും നിറുത്തൽ ചെയ്യണമെന്നാണു് ഞാൻ അഭ്യർത്ഥിക്കുന്നതു്. ഇതു് ഗവർമ്മെണ്ടു് ആലോചനായിഷയമായിട്ടു് എടുക്കാമെന്നു സമ്മതിക്കാത്തതുകൊണ്ടു് ഞാൻ ഇതിനെ പ്രസ്സുചെയ്യണമെന്നു വിചാരിക്കുന്നു.

Resolution was put and lost

Resolution No. 25

Ban on export of bones, fish and other manures

Mr. C. V. Iyyu *(Kunnamkulam): This Council recommends to the Government to ban the export of bones, fish and other manures.*

ഇതിനെക്കുറിച്ചു അധികം പ്രസംഗിച്ചു് ഈ സഭയുടെ സമയം കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ രാജ്യത്തുള്ള വളങ്ങൾ ഈ രാജ്യത്തെ കൃഷിക്കുവേണ്ടി ഉപയോഗിക്കേണ്ടതാണെന്നും, അതു് പുറത്തേക്കു വിടരുതെന്നും മാത്രമെ ഞാൻ പറയുന്നുള്ളൂ.

Mr. K. T. Achuthan *(Ezhuvas-Trchur):* I second it.

Mr. A. B. Salem *(Mattancheri):* I oppose the resolution. Fish is produced in greater quantities than can be consumed in Cochin State. As a matter of fact most of the prawns caught from the backwaters are intended for the sake of export.

Mr. C. V. Iyyu *(Kunnamkulam):* What is meant is only the export of fish manure and not fish.

Mr. A. B. Salem *(Mattancheri):* Fish manure also is produced in greater quantities than is required here and if it is not allowed to be exported what are we to do with it?

Deputy President: He wants only to prevent the export of manure.

Mr. A. B. Salem *(Mattancheri):* Fish manure is made out of these and this manure is not being consumed in our country. If it is also not to be exported, what is to become of these valuable things? They must go simply as waste. No cultivators take it for purposes of manure here. They do not require it and this is caught in large quantities. I would just mention to the Chair that now-a-days prawns are not being cultivated. What is the reason? The export to Burma has completely stopped by force of circumstances on account of the war with the result that people who used to cultivate and catch large quantities of prawns are not doing so. If you

LIBRARY ARCHIVES Kerala Legislative Assembly